പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3927 15.03. 2017 ൽ മറുപടിക്ക്

**വൈദ്യുതി ബോർഡിലെ പൊതു സ്ഥലംമാറ്റം**

ചോദ്യം

ശ്രീ.വി.അബ്ദുറഹിമാൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ പൊതു സ്ഥലംമാറ്റത്തിൽ ഓരോ സ്ഥലംമാറ്റം കഴിയുമ്പോഴും മലബാർ മേഖലയിൽ പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നിയമനങ്ങളിലെ കാലതാമസം, പ്രൊമോഷനുകളിൽ കോടതി ഇടപെടലടക്കമുള്ള തടസ്സങ്ങൾ എന്നിവ മൂലം കെ.എസ്.ഇ.ബി.ലിമിറ്റഡിലെ വിവിധ തസ്തികകളിൽ കുറവ് ഉണ്ടാകാറുണ്ട്. പൊതു സ്ഥലംമാറ്റം മൂലം ഏതെങ്കിലും മേഖലയിൽ ഇത്തരത്തിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നിലവിൽ ഇലക്ട്രിസിറ്റി വർക്കർമാരെ നിയമിക്കുന്നത് പോലെ എല്ലാ നിയമനങ്ങളും ജില്ലാടിസ്ഥാനത്തിലാക്കുമോ; | (ബി) ഇത്തരത്തിലൊരു തീരുമാനം ബോർഡിൽ നിലവിലില്ല. |
| (സി) എല്ലാ ജില്ലയിലും തുല്യപ്രാധാന്യം നൽകി സ്ഥലംമാറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിക്കും. സ്ഥലം മാറ്റങ്ങളിൽ പരമാവധി ഒഴിവുകൾ ഏകീകരിച്ചുകൊണ്ടുള്ള നടപടി ഉണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) മുഴുവൻ ജില്ലകളുടേയും സ്ഥലംമാറ്റം തീരുമാനിക്കാനുള്ള അധികാരം ചീഫ് എഞ്ചിനീയറിൽ മാത്രമായതുകൊണ്ടുള്ള ജോലിഭാരവും കാലതാമസവും ഒഴിവാക്കുന്നതിനായി സ്ഥലംമാറ്റത്തിനുള്ള അധികാരങ്ങൾ നോഡൽ ഓഫീസർമാർക്ക് വീതിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. സ്ഥലംമാറ്റങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റി സുതാര്യമാക്കാനും ജോലിഭാരം കുറയ്ക്കാനും നടപടി സ്വീകരിച്ചുവരികയാണ്. |
| (ഇ) മലബാർ മേഖലയിലെ ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് വിവിധ തസ്തികകളിലെ അഡ്വൈസ് ലിസ്റ്റുകൾ കിട്ടുന്ന മുറയ്ക്കും പ്രൊമോഷനുകൾ നൽകിയും നിലവിലുള്ള ജീവനക്കാരെ ഏകീകൃതമായ രീതിയിൽ പുനർവിന്യസിച്ചും മലബാർ മേഖലയിലെ ജീവനക്കാരുടെ ഒഴിവുകൾ പരമാവധി നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ